**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 720** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി ആക്രമണങ്ങളിൽ ഇരയായവർക്കുള്ള നഷ്ടപരിഹാരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. കെ. പ്രേമൻ

ശ്രീ. പി. പി. സുമോദ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് 2024 മാർച്ചിൽ മനുഷ്യ - വന്യജീവി സംഘർഷത്തെ സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 07/03/2024 ന് സ.ഉ. (കൈ) നം. 4/2024/DMD പ്രകാരം വന്യജീവി സംഘർഷത്തെ "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിച്ചതിനെ തുടർന്ന് മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി സംസ്ഥാനതല എമർജൻസി ഓപറേഷൻ സെന്ററും (SFEOC), ഡിവിഷൻതലത്തിൽ 36 ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപറേഷൻ സെന്ററുകളും (DFEOCs) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. 2024-25 കാലയളവിൽ പുതുതായി 9 RRT കളും വിവിധ പഞ്ചായത്തുകളിലായി 327 PRT കളും പ്രവർത്തിച്ചു വരുന്നു. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻസ്കേപ്പുകളെ ഹോട്സ്പോട്ടുകളായി തിരിച്ചറിയുകയും ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നതിന് ഷൂട്ടർമാർക്കുള്ള ഓണറേറിയം 1500 രൂപയായും ജഡം മറവു ചെയ്യുന്നതിനുള്ള ചെലവിനം 2000 രൂപയായും വർദ്ധിപ്പിച്ചു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതിലുള്ള മന്ത്രിതല സമിതിയും, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷയിൽ സംസ്ഥാനതല ഉദ്യോഗസ്ഥ സമിതിയും അതാത് ജില്ലകളിൽ ജില്ലാ കളക്ടറും വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന ജില്ലാതല സമിതികളും തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ജനജാഗ്രതാ സമിതികളും രൂപീകരിച്ചിട്ടുണ്ട്. കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ ചേർന്ന് അന്തർ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. അന്തർ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിംഗ് നടത്തിവരുന്നു.

**(ബി)** മുൻ സർക്കാരിന്റെ കാലയളവിൽ 2025 ജൂലൈ മാസം വരെ വന്യജീവി ആക്രമണങ്ങൾക്ക് ഇരയായവർക്കായി എത്ര കോടി രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തുവെന്നും കുടിശ്ശികയായ നഷ്ടപരിഹാര തുകയുടെ എത്ര ശതമാനം മുൻ സർക്കാർ കൊടുത്തുതീർത്തുവെന്നും വ്യക്തമാക്കാമോ;

**മറുപടി:** മുൻ സർക്കാരിന്റെ കാലയളവിൽ 2025 ജൂലൈ മാസം വരെ വന്യജീവി ആക്രമണങ്ങൾക്ക് ഇരയായവർക്കായി 60.84 കോടി രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്. അനന്തരാവകാശ സർട്ടിഫിക്കറ്റ് അടക്കം ആവശ്യമായ രേഖകൾ സമർപ്പിക്കാനുള്ള അപേക്ഷകൾ ഒഴികെ മറ്റെല്ലാകേസിലും 2025 ജൂലൈ മാസം വരെയുള്ള നഷ്ടപരിഹാരക്കുടിശ്ശിക കൊടുത്തുതീർത്തിട്ടുള്ളതാകുന്നു.

**(സി)** പാമ്പ് കടിയേറ്റും കടന്നൽ/തേനീച്ച കുത്തേറ്റും മരണം സംഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിച്ചതുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ നടപടികൾ വിശദമാക്കാമോ;

**മറുപടി:** വനത്തിന് പുറത്ത് പാമ്പുകടി, കടന്നൽ / തേനീച്ച എന്നിവയുടെ കടി/കുത്തേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് രണ്ട് ലക്ഷം രൂപയാണ് ധനസഹായമായി അനുവദിച്ചിരുന്നത്. ആയത് സ.ഉ. (സാധാ) നം. 304/2025/DMD തീയതി 09/05/2025 ഉത്തരവ് പ്രകാരം നാല് ലക്ഷം രൂപയായി ഉയർത്തിയിട്ടുള്ളതാകുന്നു.

**(ഡി)** വന്യജീവി ആക്രമണങ്ങളുമായി ബന്ധപ്പെട്ട ആശുപത്രിവാസം, തകർന്ന വീടുകൾ, നാശനഷ്ടം വന്ന വസ്തുങ്ങൾ, ഉപകരണങ്ങൾ, ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടാലുള്ള തൊഴിലുറപ്പ്, അന്ത്യകർമ്മങ്ങൾക്കുള്ള നിരക്ക് എന്നിവയുടെ നഷ്ടപരിഹാര വ്യവസ്ഥകൾ വിശദമാക്കാമോ?

**മറുപടി:** സ.ഉ. (സാധാ) നം. 304/2025/DMD തീയതി 09/05/2025 ഉത്തരവ് പ്രകാരം ആശുപത്രിവാസത്തിന് പരമാവധി ഒരു ലക്ഷം രൂപവരെ ആയിരുന്നു ചികിത്സാ സഹായം അനുവദിച്ചിരുന്നത്. എന്നാൽ സ.ഉ. (കൈ) നം. 167/2026/റവന്യൂ തീയതി 15/03/2026 പ്രകാരം ഒരാഴ്ചയിൽ കൂടുതലുള്ള ആശുപത്രി വാസത്തിന് ഒരു ലക്ഷം രൂപവരെയും ദീർഘകാല ചികിത്സ ആവശ്യമായി വരുന്ന പക്ഷം ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ചെലവാകുന്ന യഥാർത്ഥ തുകയും അനുവദിക്കുന്നതാണ്. വീടുകളുടെ കേടുപാടുകൾക്കുള്ള നഷ്ടപരിഹാരം സ.ഉ. (കൈ) നം. 1/2025/DMD തീയതി 09/01/2025 പ്രകാരം അനുവദിക്കുന്നതാണ്. വീട്ടുപകരണങ്ങൾക്കും വസ്തുങ്ങൾക്കുമുണ്ടാകുന്ന നാശനഷ്ടത്തിന് 2,500/- രൂപ വീതം നഷ്ടപരിഹാരമായി നൽകുന്നു. ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്ന പക്ഷം NREGS പദ്ധതിയിൽ അനുവദിക്കുന്ന പ്രതിദിന വേതനനിരക്കിൽ വീട്ടിലെ രണ്ട് മുതിർന്ന അംഗങ്ങൾക്ക് അതിജീവനത്തിനുള്ള തുക അനുവദിക്കുന്നു. മരണപ്പെടുന്നവരുടെ അന്ത്യകർമ്മങ്ങൾക്ക് പതിനായിരം രൂപയാണ് ധനസഹായമായി നൽകുന്നത്.

**സെക്ഷൻ ഓഫീസർ**